## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 423 — 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയെ നഷ്ടത്തിൽ നിന്നും കരകയറ്റാൻ മാർഗ്ഗം


ചോദ്യം

ശ്രീ. സി.കൃഷ്ണൻ
പ്രൊഫ. കെ.യു. അരുണൻ
ശ്രീ. സി.കെ. ഹരീന്ദ്രൻ
" കെ.ജെ. മാക്സി

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പു മന്ത്രി)


| | | | |
|---|---|---|---|
| (എ) | സുരക്ഷിതവും ആശ്രയിക്കാവുന്നതുമായ പൊതുഗതാഗത സൗകര്യം ഏർപ്പെടുത്തുക എന്ന സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ട് കെ.എസ്.ആർ.ടി.സിയെ നഷ്ടത്തിൽ നിന്നു കരകയറ്റുന്നതിനായി എന്തു മാർഗ്ഗമാണ് ഉള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ സമഗ്രമായ പുനരുദ്ധാരണത്തെക്കുറിച്ച് പഠിക്കാൻ കൊൽക്കത്ത ഐ.ഐ.എം.-ലെ റിട്ടയേഡ് പ്രൊഫസർ സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.റ്റി.സി-യുടെ പൊതു ഗതാഗത രംഗത്തുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി തലസ്ഥാന നഗരിയിൽ രണ്ട് പിങ്ക് ബസ് സർവ്വീസ് ആരംഭിച്ച് കഴിഞ്ഞു. വരുമാനം കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുന്നു.<br>2017-18 ബഡ്ജറ്റിൽ 3000 കോടി രൂപ മൂന്ന് വർഷം കൊണ്ട് മൂലധന നിക്ഷേപ രൂപത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ (ആദ്യ വർഷം 50 കോടി രൂപ) പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ച് കഴിഞ്ഞു. കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്) മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ച് വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തി വരുന്നത്. കെ.എസ്.ആർ.ടി.സിയുടെ |

| | | | |
|---|---|---|---|
| | | | വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ നടന്നുവരുന്നു. |
| (ബി) | മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ട മികച്ച മാനേജ്മെന്റ് രിതികൾ പിന്തുടരുന്നതിനും ഇന്ധനക്ഷമതയും വാഹനവിനിയോഗവും വർദ്ധിപ്പിക്കുന്നതിനും വേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ; പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ആയിരിക്കുവാൻ ശ്രദ്ധിക്കുമോ; | (ബി) | മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനും കോർപ്പറേഷന്റെ സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും വിവിധങ്ങളായ പദ്ധതികൾ കാലാകാലങ്ങളിൽ നടപ്പിൽ വരുത്തുന്നുണ്ട്. തൊഴിലാളികളുടെ അദ്ധ്വാനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന വിധത്തിൽ ആകർഷകമായ ഇൻസെൻറീവ് ബാറ്റ, യൂണിറ്റുതലത്തിലുള്ള സാമ്പത്തിക പ്രോത്സാഹന പദ്ധതികൾ, സത് സേവനരേഖ എന്നിവ ഏർപ്പെത്തിയിട്ടുണ്ട്. നിലവിൽ കോർപ്പറേഷന്റെ തൊഴിലാളി അനുപാതം ഒരു ബസിന് 8.75 എന്ന രീതിയിലാണ്. തൊഴിലാളികളുടെ അദ്ധ്വാനഭാരം ദോഷകരമല്ലാത്ത രീതിയിൽ വർദ്ധിപ്പിച്ചു കൊണ്ടും, ഫലപ്രദമായി വിനിയോഗിച്ചു കൊണ്ടും ടി അനുപാതം ദേശീയ ശരാശരിയായ 5.5ലേക്ക് എത്തിക്കുവാനുള്ള പരിശ്രമങ്ങളാണ് കോർപ്പറേഷൻ സ്വീകരിച്ചു വരുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ ജീവനക്കാരുടെ ഡ്യൂട്ടി സിംഗിൾ ഡ്യൂട്ടിയായി |

| | | | |
|---|---|---|---|
| | | | പരിഷ്കരിക്കുന്നതിലൂടെ തൊഴിലാളികളുടെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായി അതിനൂതനമായ യന്ത്രസാമഗ്രീകൾ എത്തിച്ച് അതിവേഗം പണിപൂർത്തിയാക്കി ജീവനക്കാരുടെ അദ്ധ്വാനഭാരം കുറച്ചും, അറ്റകുറ്റപ്പണിക്കായുള്ള ബസുകളുടെ എണ്ണം കുറച്ചും നിരത്തിൽ കൂടുതൽ ബസുകൾ സർവ്വീസ് നടത്തി പൊതുജനങ്ങളുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കാനുള്ള ശ്രമത്തിലുമാണ്. കൂടാതെ കാലപഴക്കം ചെന്ന ബസുകൾ കണ്ടം ചെയ്തും അതിനൂനത സാങ്കേതിക വിദ്യയാൽ നിർമ്മിതമായതും, ഇന്ധനക്ഷമത കൂടുതൽ ലഭിക്കുന്നതും, പരിസ്ഥിതി മലിനീകരണത്തോത് കുറഞ്ഞതും, അറ്റകുറ്റപ്പണികൾ അപ്രതീക്ഷിതമായി ഉണ്ടാകാനിടയില്ലാത്തതുമായ ബസുകൾ നിരത്തിലിറക്കി വാഹന വിനിയോഗവും, ഇന്ധനക്ഷമതയും വർദ്ധിപ്പിക്കുവാൻ തീരുമാനിക്കുകയും അതിൻ പ്രകാരം അംഗീകൃത-രജിസ്റ്റേട് തൊഴിലാളി യൂണിയൻ പ്രതിനിധിയുമായി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻ സെൻറീവ് നൽകുന്നുണ്ട്. കൂടാതെ ഓരോ അസി. വർക്ക്സ് മാനേജർ (മെയിന്റനൻസ്) മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്ക്സ് മാനേജരെ ഫ്യൂവൽ |

| | | | |
|---|---|---|---|
| | | | സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടു തന്നെയാണ് മുന്നോട്ടു നീങ്ങുന്നത്. |
| (സി) | അമിതമായ പലിശഭാരം കുറയ്ക്കാനായി എന്തു ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ഹ്രസ്വകാല വായ്പയായി എടുത്തിരിക്കുന്ന തുക ബാങ്ക് കൺസോർഷ്യത്തിന്റെ സഹായത്തോടെ ദീർഘകാല വായ്പയാക്കുമ്പോൾ പ്രതിദിന തിരിച്ചടവ് തുക വളരെയധികം കുറയും. അതു സംബന്ധിച്ച നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**